**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **06-10-2021 - ൽ മറുപടിയ്ക്ക്**

**പ്രേംനസീർ സ്മാരകനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പ്രേംനസീർ സ്മാരകത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സ്മാരകനിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | അനശ്വര നടൻ പ്രേം നസിറിന്റെ പേരിൽ ഒരു സ്മാരക മന്ദിരം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശാർക്കര വില്ലേജിലെ റീസർവ്വെ നം. 442/7 ൽപ്പെട്ട ചിറയിൻകീഴ് ശാർക്കര ഗവൺമെൻറ് എൽ.പി സ്കൂളിൻെറ 26.80 ആർ (66.22 സെൻറ്) ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സാംസ്കാരിക വകുപ്പിന് കൈവശാവകാശം നൽകി 12.02.2020 ലെ സ ഉ (കൈ) നം.54/2020/റവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 230 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതിയിൽ ബഹു. എം.എൽ.എ ശ്രീ.വി.ശശി - യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 98 ലക്ഷം രൂപ വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമെ ശേഷിക്കുന്ന 132 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് "2205-00-102-08-32-പ്രേം നസീർ സാംസ്കാരിക നിലയം" എന്ന ശീർഷകത്തിൽ ചെലവ് വകയിരുത്തിക്കൊണ്ടു നിർവഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷം അനുവദിച്ചതും തൻവർഷം പിൻവലിക്കുവാൻ കഴിയാതിരുന്നതുമായ 1,00,00,000/-രൂപ (ഒരു കോടി രൂപ മാത്രം) 2021-22 സാമ്പത്തിക വർഷത്തെ “2205-00-102-08-32-പ്രേംനസീർ സാംസ്കാരിക നിലയം(നോൺ പ്ലാൻ)” എന്ന ശീർഷകത്തിൽ സ്മാരക നിർമാണത്തിന്റെ നിർവഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ സ്പെഷ്യൽ ട്രഷറി സേവിങ്സ് |

| | | | |
|---|---|---|---|
| | | | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട് . പ്രേം നസീർ സാംസ്കാരിക സമുച്ചയ നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട കാലതാമസമാണ് നിർമ്മാണം ആരംഭിക്കാൻ വൈകിയത്. 09/07/2021 ൽ കൂടിയ പ്രേംനസീർ സ്മാരക സാംസ്കാരിക നിലയ നിർമ്മാണ സമിതിയുടെ യോഗതീരുമാന പ്രകാരം നിർമ്മാണത്തിന്റെ നിർവഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് മരങ്ങൾ മുറിച്ചു മാറ്റുവാൻ നിർദ്ദേശം നൽകിയിരുന്നു. മരങ്ങൾ മുറിച്ചു മാറ്റി അടിയന്തിരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ